**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5351** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനായി നൂതന വിജ്ഞാന ശാഖകളിൽ വികസിത രാജ്യങ്ങളുമായുള്ള സഹകരണം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർവകലാശാലകൾ നടപ്പാക്കിയ വിദേശ സഹകരണം സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കുസാറ്റിൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു<br><br>1. കോൺസുലേറ്റ് ജനറൽ ഓഫ് യുണൈറ്റഡ് സ്റ്റേറ്റ്സ്, ചെന്നൈ യുമായി ചേർന്ന് ഒരു 'American Corner' കുസാറ്റിൽ സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്.<br><br>2. Association of Commonwealth Universities, UK, London -നുമായി ചേർന്ന് സർവ്വകലാശാല, Ocean Country Partnership Programme (OCPP) സ്കോളർഷിപ്പിനായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.<br><br>3. Faculty of Tourism and Rural Development in Pozega, Josip Juraj Strossmayer University of Osijek, Croatia ചേർന്ന് Erasmus + Mobility Programme നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല പുതുതായി ആരംഭിക്കുന്ന എം.ടെക്. സ്കൂളുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് അവസാന രണ്ടു സെമസ്റ്ററുകൾ വിദേശ സർവകലാശാലയിലോ, വ്യവസായ സ്ഥാപനങ്ങളിലോ പഠനം നടത്താനുള്ള |

| | | | |
|---|---|---|---|
| | | | സാധ്യതകൾ സർവകലാശാലയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സർവകലാശാലകളുടെ വിദേശ സഹകരണം

### I. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി

കുസാറ്റ് ചുവടെ ചേർത്തിട്ടുള്ള യൂണിവേഴ്സിറ്റികളുമായി ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്.

1. University of Gotheburg- Inter institutional agreement for Mobility of students and staff.
2. ENSSAT, University of Rennes, France-International cooperation Agreement on student mobility as part of a bilateral exchange programme.
3. St. Petersburg Electro Technical University, LETI, Russia- Agreement to establish a Dual Masters in Science (MS) degree programme. 'New Generation of Electronic component Base'

### II. കണ്ണൂർ യൂണിവേഴ്സിറ്റി

സർവകലാശാല അക്കാദമിക ഗവേഷണ രംഗങ്ങളിലെ സഹകരണത്തിനായി താഴെ പറയുന്ന വിദേശ സർവകലാശാലകൾ/സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ /കരാറുകൾ ഒപ്പിട്ടിട്ടുണ്ട്

1. Oregon State University College of Forestry, United States of America.
2. University of Erfurt, Germany.
3. Atlantic Technological University, ATU Sligo, Ireland.
4. Modeling for Human and Nature Interactions Group, University of Geneva, Switzerland.

കൂടാതെ ചുവടെ ചേർത്തിട്ടുള്ള വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പിടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

a) Universidad Autonoma De Nuevo Leon, Mexico.

b) Maldives National University (MNU), Maldives.

c) Universidad Autonoma De Coahuila (UAdeC), Mexico.(നേരത്തെ ഒപ്പിട്ട ധാരണാപത്രം പുതുക്കൽ).

d) Autonomous Agriculture University of Antonio Narro, Mexico.

### III. കാലിക്കട്ട് യൂണിവേഴ്സിറ്റി

കാലിക്കറ്റ് യൂണിവേഴ്സിറ്റി താഴെ പറയുന്ന വിദേശ സർവകലാശാലകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട് .

1. യൂണിവേഴ്സിറ്റി ഓഫ് സലേർണോ ഇറ്റലി,
2. ഇർഫർട് യൂണിവേഴ്സിറ്റി ജർമ്മനി,
3. യൂണിവേഴ്സിറ്റി ഓഫ് മസാച്യുസെറ്റ്സ് ആംഹെഴ്സ്ട് , യു എസ് എ.
4. ക്യൻസ് യൂണിവേഴ്സിറ്റി ബെൽഫാസ്റ്റ് യു .കെ ,
5. യൂണിവേഴ്സിറ്റി ഓഫ് യവാസ്കല ഫിൻലൻഡ് ,
6. ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ടോക്കിയോ,

7. മെട്രോപൊളിറ്റൻ യൂണിവേഴ്സിറ്റി.

8. സാവോപോളോ യൂണിവേഴ്സിറ്റി, ബ്രസീൽ

## IV. **മഹാത്മാ ഗാന്ധി സർവകലാശാല**

അക്കാദമിക ഗവേഷണ മേഖലയിലെ പരസ്പര സഹകരണത്തിനായി മഹാത്മാ ഗാന്ധി സർവകലാശാല ചുവടെ ചേർത്തിട്ടുള്ള സർവകലാശാലകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

1. Academy of Korean Studies, Republic of Korea
2. James Cook University, Australia
3. Adelphi University College of Education and Health Sciences, USA
4. Coppin State University, USA
5. University of Perugia, Italy.

## V. **എ.പി.ജെ . അബ്ദുൾകലാം സാങ്കേതിക സർവകലാശാല**

എ.പി.ജെ . അബ്ദുൾകലാം സാങ്കേതിക സർവകലാശാല എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിദേശ സർവകലാശാലകളോട്ടുകൂടി ചേർന്ന് ട്വിന്നിംഗ് ആന്റ് കൊളാബറേഷൻ, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## VI. **ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

സർവ്വകലാശാലയിൽ വിദേശ വിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collobarations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus + സ്കീമിൽ സംസ്കൃത സർവ്വകലാശാലയെ പാട്നർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭ്യമാകുയും ചെയ്തിട്ടുണ്ട്.

കേരള സർവകലാശാല, മലയാളം സർവകലാശാല, നുവാൽസ്, ശ്രീനാരായണ ഗുരു ഓപ്പൺ എന്നീ യൂണിവേഴ്സിറ്റികൾ നിലവിൽ വിദേശ സർവകലാശാലകൾ/സ്ഥാപനങ്ങളുമായി സഹകരണത്തിൽ ഏർപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**